CCM( 37) 2014-15

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 12.03.2015–ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 12 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ V-Aകോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.03.2015–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014–15 സാമ്പത്തിക വർഷം വികസനഫണ്ടിനത്തിൽ ആകെ 2607.29 കോടി രൂപ (58.87ശതമാനം)യും ഗ്രാമപഞ്ചായത്തുകൾ 1423.85 കോടി രൂപ (61.46 ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ 388.94കോടി രൂപ (79.15ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ കോടി 387.80 രൂപയും,(57.78ശതമാനം) മുനിസിപ്പാലിറ്റി 243.38 കോടി രൂപ (50.22 ശതമാനം) കോർപ്പറേഷനുകൾ 163.30 കോടി രൂപ (35.11 ശതമാനം) യും ചെലവഴിച്ചതായും കാണപ്പെട്ടു.

**2.2** ആശ്രയപദ്ധതി നിർവഹണോദ്യോഗസ്ഥരായ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റെ സെക്രട്ടറിമാരെ 13–ാം ധനകാര്യ കമ്മീഷൻ തുകയും ലോക ബാങ്ക് ധനസഹായം തുകയും ആശ്രയ നിർവഹണത്തിനായി വിനിയോഗിക്കുന്നതിനായി 8448–00–109–92(03), 8448–00–109–91(03) എന്നീ ഹെഡുകളിലെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ആഫീസർമാരായി കൂടി നിയോഗിച്ച് ഉത്തരവു നൽകാൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകി തീരുമാനിച്ചു. 04.03.2015–ലെ യോഗ നടപടിക്കുറിപ്പിലെ ഇനം 2.2 തീരുമാനത്തിൽ ഇപ്രകാരം ഭേദഗതി വരുന്നതാണ്.

**2.3** സ്പിൽഓവർ പദ്ധതികളുടെ നിർവഹണ കാലാവധി 2015 മാർച്ച് 31 വരെ ദീർഘിപ്പിച്ചു തീരുമാനിച്ചു.

**2.4** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് ഭേദഗതി ആവശ്യമുണ്ടെങ്കിൽ അതു പ്രകാരം ഭേദഗതി ചെയ്യാൻ 2015 മാർച്ച് 25 വരെ അനുവദിച്ചു തീരുമാനിച്ചു.

**2.5** പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള കാലാവധി വിവാഹം കഴിഞ്ഞു മൂന്നു മാസത്തിനകമായി നിശ്ചയിച്ചിരുന്നത് ആറു മാസത്തിനകമായി ദീർഘിപ്പിച്ചു തീരുമാനിച്ചു. എന്നാൽ വകുപ്പിൽ നിന്നോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും ഒരു സ്ഥലത്തു നിന്നു മാത്രമേ ആനുകൂല്യം കൈപ്പറ്റാവൂ എന്നും കൗൺസിൽ തീരുമാനം അനുസരിച്ചായിരിക്കണം ആനുകൂല്യം നൽകേണ്ടതെന്നും തീരുമാനിച്ചു.

**2.6** പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും അനുവദിച്ച് തീരുമാനിച്ചു.

**2.7** പട്ടികജാതി–പട്ടികവർഗ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ഏതാനും പ്രവർത്തനങ്ങൾ കൂടി നിർദ്ദേശിച്ച് കില സമർപ്പിച്ച കുറിപ്പ് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികൾ കൂടി ഉൾക്കൊള്ളിക്കുന്നതിനു വിധേയമായി അംഗീകരിക്കുകയും ചെയ്തു.

1. പട്ടികജാതി–പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി മാർഗനിർദ്ദേശങ്ങൾ (കൗൺസിലിംഗ്) നൽകുന്ന അവസരത്തിൽ പങ്കെടുക്കുന്ന രക്ഷിതാക്കൾക്ക് ഓരോ ദിവസവും പ്രോത്സാഹന സഹായമായി ഒരു ദിവസത്തെ വേതനം കൂടി NREGS നിരക്കിൽ കാവുന്നതാണ്.
2. പത്താംക്ലാസ് പഠനം പൂർത്തിയാക്കുന്ന പട്ടികജാതി–പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള കരിയർ ഗൈഡൻസ് ക്യാമ്പുകളിൽ പങ്കെടുക്കുന്ന ഓരോരാർത്തർക്കും ചായ, ലഘുഭക്ഷണം, ഉച്ചഭക്ഷണം എന്നിവ നൽകുന്നതിന് പരമാവധി 60 രൂപ എന്നത് 100 രൂപയായി നിശ്ചയിച്ചു
3 പട്ടികജാതി–പട്ടികവർഗ യുവതീ യുവാക്കൾക്ക് വിദഗ്ദ്ധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് NRLM (ആജീവിക) മാർഗരേഖ അവലംബിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.
4. കളിസ്ഥലം വാങ്ങുന്നതിന് എസ്.സി.പി. ഫണ്ട് വിനിയോഗിക്കാനുള്ള നിർദ്ദേശം ഒഴിവാക്കേണ്ടതാണെന്നു തീരുമാനിച്ചു.
5 ട്രൈബൽ സ്ക്കൂളുകളായി നാമകരണം ചെയ്തിട്ടുള്ള സ്ക്കൂളുകളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുമ്പോൾ നിയമാനുസൃതമുള്ള എണ്ണം ശിശു സൗഹൃദവും പെൺകുട്ടികൾക്ക് അനുയോജ്യവും ആയി നിർമ്മിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന നിർദ്ദേശം കൂട്ടിചേർക്കേണ്ടതാണ്.
6 പട്ടികവർഗക്കാരുടെ തനത് പാരമ്പര്യ ചികിത്സാ രീതികൾ അന്യം നിന്നു പോകാതിരിക്കാനുള്ള പ്രവർത്തനങ്ങൾ ആയുർവേദ കോളേജുകളുമായി സഹകരിച്ചായിരിക്കണം നടപ്പാക്കേണ്ടത്. ആരോഗ്യ സർവകലാശാല എന്നത് ഒഴിവാക്കേണ്ടതാണ്.
7. ശ്മശാനം നിർമ്മിക്കുന്ന കാര്യത്തിൽ പട്ടികജാതി വിഭാഗം എന്നത് ഒഴിവാക്കാൻ നിർദ്ദേശിച്ചു.
8. പട്ടികജാതി–പട്ടികവർഗ വിഭാഗത്തിലെ പെൺകുട്ടികളുടെ ആദ്യ വിവാഹത്തിന് പ്രായപരിധി നിശ്ചയിക്കേണ്ടതില്ലെന്നും ധനസഹായം നിലവിലെ 50000 രൂപയായി പരിമിതപ്പെടുത്തുന്നതിനും നിർദ്ദേശിച്ചു.
9 പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളുടെ ഭവനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവർക്കായി ഫർണിച്ചർ ഉൾപ്പെടെ 1 ലക്ഷം രൂപയിൽ താഴെ ചെലവ് വരുന്ന പഠനമുറി നിർമ്മിച്ചു നൽകാനും നിർദ്ദേശിച്ചു.

**2.8** പട്ടികജാതി–പട്ടികവർഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകാൻ തീരുമാനിച്ചു. നിരക്ക് ഉയർത്തിക്കൊണ്ട് പട്ടികജാതി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രാബല്യ തീയതി ആയിരിക്കും ഇതിനു ബാധകമാകുക. നൽകാൻ ബാക്കിയുള്ള ഇൻസ്റ്റാൾമെന്റുകൾക്ക് ആനുപാതിക വർദ്ധനവ് നൽകാനും യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

**2.9** സാംഖ്യ സോഫ്ട് വെയർ പരിശീലനവുമായി ബന്ധപ്പെട്ട് കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഐ.കെ.എം.ന്റെ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന അക്കൗണ്ടന്റ് കം–ഐ.ടി എക്സ്പെർട്ടു മാരുടെ സേവനം നീട്ടുന്ന കാര്യം സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിരീക്ഷിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 71666/ഡി.ബി.3/14/തസ്വഭവ)

എച്ച്. ഐ.വി. നിയന്ത്രണത്തിനായി ഇൻജക്ഷൻ ഡ്രഗ്സ് യൂസേഴ്സ് സുരക്ഷ" എന്ന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഗ്രാമവികസന കമ്മീഷണറുടെ കത്ത്**

**(ഫയൽ നം 126699/ഡി.എ7/15/തസ്വഭവ)**

മണലൂർ ഗ്രാമപഞ്ചായത്തിലെ 2011–12 വർഷത്തെ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകാനുള്ള 2972000 രൂപ വകയിരുത്തുന്നിന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് സാധിക്കാത്തതിനാൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നു നൽകാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 സാമൂഹ്യനീതി വകുപ്പു ഡയറക്ടറുടെ കത്ത്**

**(ഫയൽ നം 747228/ഇ.പി.എ3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള അംഗനവാടികളുടെ അറ്റകുറ്റപ്പണി 1 ലക്ഷം രൂപയിൽ കൂടുതലായി വരുന്ന തുക പരിധിയില്ലാതെ സാങ്കേതിക ഉപദേശം അനുസരിച്ച് നൽകാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 2943/ഡി.ബി.3/15/തസ്വഭവ)**

ദേശീയ വികലാംഗ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന് നിർവഹണോദ്യോഗസ്ഥനായി ജില്ലാ സാമൂഹ്യനീതി ആഫീസറെ ചുമതലപ്പെടുത്തുന്നതിന് ആസൂത്രണ മാർഗരേഖയിൽ വ്യവസ്ഥയുണ്ടാക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.ഇ– 132599// ഡി.ഡി.2/15/തസ്വഭവ)**

പഞ്ചായത്ത് പരിധിയിലുള്ള ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായം എന്ന പദ്ധതി സംബന്ധിച്ച് വിശദ വിവരം സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഗ്രാമ പഞ്ചായത്തുകളുടെ ബഡ്ജറ്റ് ഫോർമാറ്റ് പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് (ഫയൽ നം.132692/ഡി.എ1/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തുകളുടെ 2015–16 വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിനായി കില സമർപ്പിച്ച പരിഷ്ക്കരിച്ച ഫോർമാറ്റുകൾ ഇതിനകം തന്നെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 വടകരപതി ഗ്രാമപഞ്ചായത്ത് (ഫയൽ നം.137128/ഡി.എ3/15/തസ്വഭവ))**

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കു കുടിശ്ശികയും സർചാർജും ഉൾപ്പെടെ 2014–15 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്ന് അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നത് മെയിന്റനൻസ് ഫണ്ടിൽ നിന്നും അടവാക്കാൻ അനുവദിച്ചു. ഇതു സംബന്ധിച്ച് തനത് ഫണ്ട് ഉണ്ടായിട്ടും കുടിശ്ശിക വന്നതാണോ എന്ന കാര്യവും പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം.1135973/ഡി.എ3/15/തസ്വഭവ)**

2014–15 പദ്ധതിയിൽ ഉൾപ്പെടുത്തി  ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന "സ്നേഹധാര ആയുർവേദ പാലിയേറ്റീവ് പരിചരണം" പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നതല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പയ്യാവൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം.126661/15/തസ്വഭവ)**

പയ്യാവൂർ–ഉളിക്കൽ മലയോര ഹൈവേ  വികസനത്തിന്  ബി.എസ്.എൻ.എൽ.ന്റെ  ഉടമസ്ഥതയിലുള്ള സ്ഥലം വാങ്ങി പൊതുമരാമത്ത് വകുപ്പിന് കൈമാറാനുള്ള പദ്ധതി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10കിനാനൂർ– കരിന്തളം  ഗ്രാമപഞ്ചായത്ത്**

**(ഫയൽ നം.136043/ഡി.എ2/15/തസ്വഭവ)**

കാസർഗോഡ്  ജില്ലയിലെ  കിനാനൂർ  –  കരിന്തളം   ഗ്രാമപഞ്ചായത്ത് പട്ടികജാതി വിഭാഗത്തിനുള്ള ഫണ്ട് ഉപയോഗിച്ച്  പട്ടികവർഗ സങ്കേത റോഡ് പ്രവൃത്തി ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നതിൽ  വകുപ്പുതല ത്തിൽ പരിശോധിച്ച്  തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11  മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം.134033/ഡി.ഡി2/15/തസ്വഭവ)**

2010–11 വർഷം നടപ്പാക്കിയ  ജോതി പ്രോജക്ടിന് തുക ചെലവഴിച്ചത് അംഗീകരിക്കണമെന്ന  ആവശ്യം  വകുപ്പുതല  തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വരുന്ന ക്യാൻസർ സുരക്ഷ, താലോലം, കോക്ളിയർ ഇംപ്ലാന്റേഷൻ, സ്നേഹപൂർവം, സ്നേഹ സ്പർശം, സമാശ്വാസം, ആശ്വാസ കിരണം, വയോമിത്രം തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിന്  തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത്/പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി  കേരള സാമൂഹ്യ സുരക്ഷാ മിഷന്  മേഖല പരിഗണിക്കാതെ തന്നെ  സംഭാവന  നൽകണമെന്ന ആവശ്യം യോഗം വിശദമായി ചർച്ച ചെയ്തു. സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ  ആവശ്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ  പ്രോജക്ടുകൾ ഭേദഗതി ചെയ്ത്  പുതിയ പദ്ധതിയായി  സാമൂഹ്യ സുരക്ഷാ മിഷന്  സംഭാവന നൽകുന്ന പ്രോജക്ട് തയ്യാറാക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13  തീക്കോയി ഗ്രാമപഞ്ചായത്ത്  (ഫയൽ നം.133332/ഡി.എ2/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിൽ പുതിയ സർവർ കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുവദിച്ച തുക 109700 രൂപയിൽ നിന്ന്  വില വർദ്ധിച്ച  സാഹചര്യത്തിൽ 136990 രൂപയായി ഉയർത്തണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 എടയൂർ ഗ്രാമപഞ്ചായത്ത്  (ഫയൽ നം.1138365/ഡി.എ2/15/തസ്വഭവ)**

പൊതുവിഷയങ്ങൾ 2.5 ബാധകം.

എടയൂർ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വൈകി കിട്ടിയ അപേക്ഷകൾ ഓരോ കേസും പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം.134045/ഡി.എ2/15/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പഠന വൈകല്യ പരിഹാര പദ്ധതി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്  (ഫയൽ നം.75396/എഫ്.എം.3/14/തസ്വഭവ)**

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ മേഖലകളിൽ നടപ്പാക്കുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് ആവശ്യമായ ഗുണഭോക്തൃ വിഹിതം തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 മാട്ടൂൽ ഗ്രാമപഞ്ചായത്ത്  (ഫയൽ നം.129337/ഡി.എ2/15/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തീരപ്രദേശങ്ങളിലെ മത്സ്യ തൊഴിലാളികൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വല വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3 .18 കാടുകുറ്റി ഗ്രാമപഞ്ചായത്ത്  (ഫയൽ നം.130654/ഡി.എ2//15/തസ്വഭവ)**

2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിനായി ഹെൽത്ത് ക്ലബ് ആരംഭിക്കാനുള്ള പദ്ധതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം.134053/ഡി.ഡി2//15/തസ്വഭവ)**

എസ്.സി.പി./ടി.എസ്.പി. ഫണ്ടിൽ നിന്നും 10% തുക ഉപയോഗിച്ച് ഓട്ടോറിക്ഷാ പരിശീലനവും ഓട്ടോ വാങ്ങൽ പദ്ധതിയും നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സംയുക്ത പദ്ധതിയായി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പെരിങ്ങര ഗ്രാമപഞ്ചായത്ത്**

പൊതുവിഷയങ്ങൾ 2.6 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 റാന്നി ബാഡ്മിന്റൺ ക്ലബിന്റെ നിവേദനം**

**(ബഹു. റാന്നി എം.എൽ.എ ശ്രീ. രാജു എബ്രഹാം മുഖേന)**

പത്തനംതിട്ട ജില്ലയിലെ സ്ക്കൂൾ – കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി നീന്തൽ പരിശീലനം നൽകാൻ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യരായ പരിശീലകരും ആവശ്യമായ നീന്തൽക്കുളം, പുഴ എന്നിവ ലഭ്യമാണെങ്കിൽ പഞ്ചായത്തു കൾക്ക് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

തൃക്കടവൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന 1000 പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി കേരള അഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് പ്രത്യേക അനുവാദം നൽകണ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

വരുമാന സർട്ടിഫിക്കറ്റ് വില്ലേജാ ഫീസുകളിൽ നിന്നും ലഭിക്കുന്നില്ല എന്ന വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തൊടിയൂർ ഗ്രാമപഞ്ചായത്ത്**

2014–15 വർഷം നടപ്പാക്കാനുദ്ദേശിച്ചിരുന്ന രണ്ട് പ്രോജക്ടുകൾക്കു പകരം അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതിയും മെറിറ്റോറിയസ് എസ്.സി. വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതിയും നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യം ഖണ്ഡിക 2.4–ന്റെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 അഴുത ബ്ലോക്ക് പഞ്ചായത്ത്**

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ മ്ലാമല ഫാത്തിമ ഹൈസ്ക്കൂളിൽ നടന്നു വരുന്ന സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പരിപാടിക്ക് യൂണിഫോമും മറ്റു ചെലവുകളും വഹിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 പൂവച്ചൽ ഗ്രാമപഞ്ചായത്ത്**

കാട്ടാക്കട പബ്ലിക് മാർക്കറ്റ് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ INKEL നെ ഏൽപ്പിക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു. അംഗീകൃത ഏജൻസികളുടെ ലിസ്റ്റിൽ INKEL നെ ഉൾപ്പെടുത്താനും തീരുമാനിച്ചു. ഐ.കെ.എം. ഇതു സംബന്ധിച്ച നടപടികൾ സോഫ്ട് വെയറിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ദേവികുളം ബ്ലോക്ക് പഞ്ചായത്ത്**

അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ ചെങ്കുളം ലിറ്റിൽ ഫ്ളവർ മേഴ്സി ഹോം വെൽഫയർ അസോസിയേഷന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 താനാളൂർ ഗ്രാമപഞ്ചായത്ത്**

പി.എച്ച്.സിയിലെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിന് വാഹനം വാങ്ങാൻ അനുവാദം ആവശ്യപ്പെട്ടത് പ്രത്യേക കേസായി അംഗീകരിച്ചു. വാഹനം പി.എച്ച്.സിക്ക് കൈമാറേണ്ടതും തുടർ ചെലവുകൾ പി.എച്ച്.സി. മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 അടിമാലി ഗ്രാമപഞ്ചായത്ത്**

അംഗനവാടികളിലെ പ്രീ സ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനുള്ള തുക വകയിരുത്തുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടതിന്മേൽ സാമൂഹ്യനീതി വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ജലസംഭരണത്തിനായി 500 ലിറ്ററിന്റെ സിന്തറ്റിക് വാട്ടർ ടാങ്ക് നൽകുന്ന തിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്**

2014–15 വർഷത്തെ എസ്.സി.പി. വിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും 12 വനിത അംഗങ്ങൾ അടങ്ങുന്ന ശ്രീഭദ്ര കലാകേന്ദ്രം എന്ന ശിങ്കാരിമേളം ഗ്രൂപ്പിന് ചെണ്ടകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുവാൻ ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി:പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി**

ഭവന നിർമ്മാണ ഗുണഭോക്താക്കൾ പ്ലാനുകൾ മാന്വൽ രജിസ്ട്രേഷൻ ചെയ്യാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പേറഷൻ**

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ കുടിശ്ശിക 2014–15 വാർഷിക പദ്ധതിയിൽ ചെലവാകാത്ത തുകയിൽ നിന്നും പൂർണ്ണമായി തിരിച്ചടയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കേരള ഹൈടെക് വീവിംഗ് ആന്റ് ഗാർമെന്റ് കോ–ഓപ്പറേറ്റീവ് മിൽസ് ചെയർമാന്റെ കത്ത് (ബഹു. ഐ.ടി. വകുപ്പ്മന്ത്രി മുഖാന്തിരം )**

കെൽടെക്സ് പുതുതായി ആരംഭിക്കുന്ന ഗ്രീൻ ഫീൽഡ് ടെക്നിക്കൽ ടെക്സ്റ്റൈൽസ് കോർപ്പറേഷനിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഷെയറുകൾ വാങ്ങണമെന്ന ആവശ്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കില ഡയറക്ടറുടെ കത്ത്**

പൊതു വിഷയങ്ങൾ 2.7 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.140326/ഡി.ഡി.2/15/തസ്വഭവ)**

നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന മൂന്നു പദ്ധതികളും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതായതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.140543/ഡി.ഡി.2/15/തസ്വഭവ)**

2014-15 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സി.എച്ച്.സിയിൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച ശിഹാബ് തങ്ങൾ ചാരിറ്റബിൾ ഡയാലിസിസ് സെന്ററിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനും തുടർനടത്തിപ്പിനുമുള്ള ചെലവുകൾ വഹിക്കാൻ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 കോഴിക്കോട് കോർപ്പറേഷൻ (ഫയൽ നം.63443/ഡി.സി3/15/തസ്വഭവ)**

പൊതു തീരുമാനങ്ങൾ 2.8 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 ചീക്കോട് ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്**

അംഗനവാടികളിലേയക്ക് കയർഫെഡ് മെത്ത വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടത് അനുവദിച്ച് തീരുമാനിച്ചു. സ്ഥല ലഭ്യത ഉറപ്പാക്കേണ്ട താണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**

ശുചിത്വ മിഷൻ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക വിഹിതം നൽകണമെന്ന ആവശ്യത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമായശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 കേരള വനിത വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കത്ത്**

വനിതാ വികസന കോർപ്പറേഷൻ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ തുകയുടെ 50% അഡ്വാൻസായി വനിത വികസന കോർപ്പറേഷന് നൽകാൻ അനുവദിച്ച് തീരുമാനിച്ചു. .

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 എറണാകുളം ജില്ലാ പഞ്ചായത്ത്**

കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ താമസ ത്തിനായി ഹോസ്റ്റൽ പണിയുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 2.30ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 മാർച്ച് 20വെള്ളിയാഴ്ച രാവിലെ 11 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രിയുടെ ചേംബറിൽ കൂടുന്നതാണ്.***